I/52399/2024

<u>'ഭരണഭാഷ മാതൃഭാഷ'</u>

**സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ്ഡയറക്ടറേറ്റ്,**
വികാസ് ഭവൻ, തിരുവനന്തപുരം – 695 033
ഫോൺ/ഫാക്സ് : 0471-2305318/0471-2305317
ഇ-മെയിൽ : ecostatdir@gmail.com
Website : www.ecostat.kerala.gov.in

**സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് ഡയറക്ടറുടെ നടപടിക്രമം**
(ഹാജർ : ശ്രീകുമാർ ബി.)

വിഷയം:- ഡിഇഎസ് – വിജിലൻസ് – ശ്രീ.ദിനേശൻ.സി., സ്റ്റാറ്റിസ്റ്റിക്കൽ ഇൻസ്പെക്ടർ, താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസ്, തലശ്ശേരി –യ്ക്ക് എതിരായ സി.സി. 1025/2015 കേസിന്റെ വിധിന്യായം - സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:-

1. കേരള ബാങ്ക് ചക്കരക്കൽ ശാഖ മാനേജറുടെ പേരിൽ ഈ ഓഫീസിൽ ലഭ്യമായ കത്ത്.
2. കണ്ണൂർ ജില്ലാ ഡെപ്യൂട്ടി ഡയറക്ടറുടെ 20/02/2024 ലെ ഇ.ബി(1) 3036/2023 – ഡി.ഒ.സി നമ്പർ കത്ത്.
3. ശ്രീ.ദിനേശൻ.സി., സ്റ്റാറ്റിസ്റ്റിക്കൽ ഇൻസ്പെക്ടർ -ക്ക് എതിരായ സി.സി. 1025/2015 നമ്പർ കേസിലെ തലശ്ശേരി ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റിന്റെ 12/05/2023 ലെ വിധിന്യായം.

**<u>ഉത്തരവ് നം.DES/4120/2023-VIG, തീയതി:27-03-2024</u>**

തലശ്ശേരി താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസിൽ സ്റ്റാറ്റിസ്റ്റിക്കൽ ഇൻസ്പെക്ടറായി ജോലി ചെയ്യുന്ന ശ്രീ. ദിനേശൻ സി-യ്ക്ക് എതിരെയുള്ള സി.സി. 1025/2015 നമ്പർ കേസിന്റെ ശിക്ഷാ വിധി 2023 മെയ് മാസം 12-ന് വന്നിട്ടുണ്ടെന്നും, പ്രസ്തുത കേസിൽ ടിയാനെതിരായ കുറ്റകൃത്യം തെളിയിക്കപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ശിക്ഷിച്ചിട്ടുണ്ടെന്നും അറിയിച്ചുകൊണ്ട് പരാമർശം (1) പ്രകാരം ഒരു കത്ത് ലഭിച്ചിരുന്നു. എന്നാൽ പരാമർശം (1) പ്രകാരമുള്ള കത്ത് കേരള ബാങ്ക് ചക്കരക്കൽ ശാഖ മാനേജറുടെ ഔദ്യോഗിക കത്തായി കണക്കാക്കുവാൻ കഴിയുന്ന ഒരു രേഖകളും കത്തിൽ ഉണ്ടാകാതിരുന്നതിനാൽ വിധിയുടെ നിജസ്ഥിതിയും, കത്തിന്റെ ആധികാരികതയും അറിയുന്നതിന് കണ്ണൂർ ജില്ലാ ഡെപ്യൂട്ടി ഡയറക്ടറെ ചുമതലപ്പെടുത്തിയിരുന്നു.

I/52399/2024

മാനേജർ, കേരള ബാങ്ക് ചക്കരക്കൽ എന്ന പേരിൽ ഈ ഓഫീസിൽ ലഭിച്ച കത്ത് വ്യാജമാണെന്നും കേരള ബാങ്കിന്റെ മാനേജർക്കോ, മറ്റ് ജീവനക്കാർക്കോ ടി കത്തുമായി യാതൊരു ബന്ധവുമില്ലെന്നും, ശ്രീ. ദിനേശൻ സി-യ്ക്ക് എതിരെയുള്ള സി.സി. 1025/2015 നമ്പർ കേസിന്റെ അന്തിമവിധി പകർപ്പ് കണ്ണൂർ ജില്ലാ ഓഫീസിലോ ടിയാൻ ജോലി ചെയ്യുന്ന തലശ്ശേരി താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസിലോ ഔദ്യോഗികമായി ലഭിച്ചിട്ടില്ലെന്നും കണ്ണൂർ ജില്ലാ ഡെപ്യൂട്ടി ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു. എന്നാൽ ടിയാനെതിരായ പ്രസ്തുത കേസുമായി ബന്ധപ്പെട്ട തലശ്ശേരി ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതിയുടെ വിധി പകർപ്പ് വെബ്സൈറ്റിൽ ലഭ്യമായത് പരാമർശം (2) പ്രകാരം അയച്ചു തന്നിരുന്നു.

ശ്രീ.ദിനേശൻ സി., സ്റ്റാറ്റിസ്റ്റിക്കൽ ഇൻസ്പെക്ടർക്ക് എതിരായ പരാമർശം (3) പ്രകാരമുള്ള കോടതി വിധിയിൽ ടിയാൻ കുറ്റകൃത്യം ചെയ്തിട്ടുള്ളതായി തെളിയിക്കപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ശിക്ഷിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ കേസിന്റെ അന്തിമവിധിയുടെ പകർപ്പ് നാളിതുവരെ ഈ ഓഫീസിൽ ഔദ്യോഗികമായി ലഭിച്ചിട്ടില്ല. എന്നിരുന്നാലും വിഷയത്തിന്റെ ഗൗരവം കണക്കിലെടുത്ത് ശ്രീ.ദിനേശൻ.സി.യെ 1960 –ലെ കേരള സിവിൽ സർവ്വീസുകൾ (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 10 (b) പ്രകാരം അന്വേഷണ വിധേയമായി സർവ്വീസിൽ നിന്നും ഉടൻ പ്രാബല്യത്തിൽ സസ്പെൻഡ് ചെയ്തുകൊണ്ട് ഉത്തരവാകുന്നു. സസ്പെൻഷൻ കാലയളവിൽ ടിയാന് നിയമാനുസൃതമായ ഉപജീവന ബത്തയ്ക്ക് അർഹത ഉണ്ടായിരിക്കുന്നതാണ്.

Signed by
Sreekumar B
DIRECTOR
Date: 27-03-2024 18:09:17

ശ്രീ. ദിനേശൻ സി., സ്റ്റാറ്റിസ്റ്റിക്കൽ ഇൻസ്പെക്ടർ,
താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസ്,
തലശ്ശേരി (ജില്ലാ ഡെപ്യൂട്ടി ഡയറക്ടർ മുഖാന്തിരം)

പകർപ്പ്:-

1. ഡയറക്ടർ/സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ എന്നിവരുടെ സി.എ.
2. ഡെപ്യൂട്ടി ഡയറക്ടർ, സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ്, ജില്ലാ ഓഫീസ്, കണ്ണൂർ
3. ജീവനക്കാര്യ വിഭാഗം/ഫയൽ/ കരുതൽ.